"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

സാംസ്കാരികകാര്യ വകുപ്പ് - മലയാളം മിഷൻ - 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.299/2024/CLAD   തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:-
1. മലയാളം മിഷൻ ഡയറക്ടറുടെ 15.04.2024-ലെ 2115/2022/ മ.മി നമ്പർ കത്ത്
2. 20.05.2024 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

## ഉത്തരവ്

മലയാളം മിഷന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി "2202-05-102-86 (പ്ലാൻ)" എന്ന ശീർഷകത്തിൽ 1,75,00,000/- (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി വിഹിതം ചെലവഴിച്ച് വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മലയാളം മിഷൻ ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. 27.05.2024 -ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത ശിപാർശ വിശദമായി പരിശോധിച്ച് അംഗീകാരം നൽകുകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ മലയാളം മിഷന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ "2202-05-102-86(പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള 1,75,00,000/-രൂപ (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി നിർവഹണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | അദ്ധ്യാപക പരിശീലനം, വാർഷിക പരീക്ഷ, പഠന കേന്ദ്രങ്ങൾ ആരംഭിക്കുക, വാർഷിക ധനസഹായം | 40 |
| 2. | സ്റ്റഡി സെന്റർ മാനേജ് മെന്റ് സിസ്റ്റത്തിനായുള്ള അപ്ഡേഷൻ | 20 |
| 3. | മലയാൺമ പ്രവാസി മലയാളി സമൂഹത്തിന്റെ പ്രതിനിധികൾ, കേരളത്തിൽ നിന്നുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിയവരെ വർഷത്തിൽ ഒരിക്കൽ ഫെബ്രുവരി 21 ലോകമാതൃഭാഷാദിനത്തിന് കേരളത്തിൽ വെച്ച് സംഘടിപ്പിക്കുന്ന 3 ദിവസം നീണ്ടുനിൽക്കുന്ന സാംസ്കാരിക പരിപാടി | 20 |
| 4. | കേരള — ദേശീയ സർക്കാരുകളുമായി സഹകരിച്ച് സഹവാസ ക്യാമ്പ് | |

| | | |
|---|---|---|
| | സംഘടിപ്പിക്കുന്ന സാംസ്കാരിക വിനിമയ പരിപാടികൾ | 5 |
| 5. | ഭാഷാപ്രതിഭാപുരസ്കാരം | 4 |
| 6. | പാഠ്യപദ്ധതി പരിഷ്കരണം, പാഠപുസ്തകം, കൈപ്പുസ്തകം അച്ചടിയും വിതരണവും | 22 |
| 7. | അതിഥി മലയാളം അക്കാദമിക പ്രവർത്തനങ്ങൾ, വിശ്വമലയാളം, കുട്ടി മലയാളം | 10 |
| 8. | റേഡിയോ മലയാളം, ഇന്റർനെറ്റ് റേഡിയോ എഫ്.എം. റേഡിയോ | 13 |
| 9. | സുവനീർഷോപ്പ് | 6 |
| 10. | പദ്ധതി ജീവനക്കാരുടെ ശമ്പളം, മനുഷ്യവിഭവശേഷി | 30 |
| 11. | ഭൂമിമലയാളം പ്രതിമാസ മുഖമാസിക, ഇയർബുക്ക്, ലീഫ്‌ലെറ്റ്, ബ്രോഷറുകൾ | 5 |
| | ആകെ | 175 |

ഇപ്രകാരം പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവ് താഴെപ്പറയുന്ന നിബന്ധനകൾക്ക് കൂടി വിധേയമായിരിക്കും.

1. അതിഥി മലയാളം പദ്ധതിയുടെ പ്രവർത്തനത്തിനായി വാഹനം, മറ്റ് തുടർ ചെലവുകൾ എന്നിവ സ്ഥാപനം സ്വന്തം നിലയ്ക്ക് കണ്ടെത്തേണ്ടതാണ്.
2. പദ്ധതി നടത്തിപ്പിലേയ്ക്ക് നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കേണ്ടതാണ്.
3. പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട purchase-കൾക്ക് (ITഅനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) Stores Purchase Manual-ലെ നിബന്ധനകൾ പാലിക്കേണ്ടതും ITഅനുബന്ധ സാധനങ്ങൾ വാങ്ങുമ്പോൾ അതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതുമാണ്.
4. തുകയുടെ ശരിയായ വിനിയോഗം യഥാസമയങ്ങളിൽ മലയാളം മിഷൻ ഡയറക്ടർ മേൽനോട്ടം വഹിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുമ്പോൾ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ധനവിനിയോഗ പത്രികയും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ,മലയാളം മിഷൻ,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
ചീഫ്, സോഷ്യൽ സർവ്വീസസ് ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസ-സി) വകുപ്പ്
സാംസ്കാരികകാര്യ (ബി ) വകുപ്പ്
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (C1/69/2024/CLAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്-ന്

സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്